AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 87/2019 09.07.2019

## കുരുമുളക് വള്ളികൾക്ക് മുൻകരുതലുകൾ പ്രധാനം: ഫാം ഇൻഫർമേഷൻ ബ്യൂറോ

മഴക്കാലം കുരുമുളകുവള്ളികൾക്കു പൊതുവെ ഗുണപ്രദമാണെങ്കിലും ഏറ്റവും കൂടുതൽ ശ്രദ്ധ നൽകേണ്ട ഒരു സമയം കൂടിയാണ്. കാരണം മഴ ആരംഭിക്കുമ്പോഴേക്കും രോഗങ്ങൾ വരാനുള്ള സാധ്യതയും കൂടുതലാണ്. പ്രത്യേകിച്ചും തെക്കുപടിഞ്ഞാറൻ മൺസൂൺ സമയത്ത് ദ്രുതവാട്ടം പലയിടങ്ങളിലും പ്രത്യക്ഷപ്പെട്ടു കാണാറുള്ളതിനാൽ പ്രതിരോധ നടപടികൾ സ്വീകരിക്കണമെന്ന് ഫാം ഇൻഫർമേഷൻ ബ്യൂറോ കർഷകർക്ക് മുന്നറിയിപ്പു നൽകുന്നു.

രോഗത്തിന്റെ തീവ്രതയനുസരിച്ച് വള്ളികളിലെ ലക്ഷണം പല രീതിയിൽ പ്രത്യക്ഷപ്പെടാറുണ്ട്. തോട്ടങ്ങളിൽ നീരവാർച്ചാ സംവിധാനം പ്രധാനമായും ഉറപ്പുവരുത്തേണ്ടതാണ്. അതുപോലെതന്നെ രോഗകാരികളായ ഫൈറ്റോഫ്തോറ എന്ന കുമിളിനെതിരെ പൊരുതാൻ കഴിവുള്ള മിത്രകുമിളിനങ്ങളായ ട്രൈക്കോഡെർമ, സ്യൂഡോമോണാസ് എന്നിവ ജൈവവളത്തോടൊപ്പം ചെടിയുടെ ചുവട്ടിൽ നൽകേണ്ടതാണ്. മഴ തുടങ്ങുമ്പോഴേക്കും 1% വീര്യമുള്ള ബോർഡോമിശ്രിതം ചെടികൾക്കു തളിച്ചുകൊടുക്കേണ്ടതാണ്. 0.2% വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡ് തടത്തിൽ കുതിർക്കെ ഒഴിച്ചുകൊടുക്കുന്നതു നല്ല പ്രതിരോധമാർഗ്ഗമാണ്. ജൈവകീടനാശിനികൾ ഉപയോഗിക്കുന്ന തോട്ടങ്ങളിൽ കോപ്പർ ഓക്സിക്ലോറൈഡ് ഒഴിവാക്കേണ്ടതാണ്.

മഴ ശക്തി പ്രാപിക്കുന്നതിന് മുമ്പ് രോഗബാധയേറ്റ് നശിച്ച കൊടികൾ പറിച്ചെടുത്ത് ദൂരെകൊണ്ടുപോയി പൂർണമായും തീയിട്ട് നശിപ്പിക്കുക. മറ്റ് ചെടികളിലേക്ക് രോഗം വ്യാപിക്കുന്നത് തടയാൻ ഇത് സഹായിക്കും. കാലവർഷ സമയത്ത് പൊതുവെ കീടാക്രമണത്തിനുള്ള സാധ്യതകളും ഉണ്ട്. കുരുമുളകിനെ ആക്രമിക്കുന്ന ഏറ്റവും വിനാശകാരിയായ കീടമാണ്

പൊള്ളുവണ്ട്.  വേപ്പെണ്ണ ഉപയോഗിച്ചുള്ള കീടനാശിനിയായ നീം ഗോൾഡ് മൂന്നാഴ്ച ഇടവിട്ട് 0.6% എന്ന തോതിൽ ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ തളിച്ചു കൊടുക്കാവുന്നതാണ്. മഴക്കാലം ശക്തിപ്രാപിക്കുന്നതിനു മുമ്പ് താങ്ങു ചെടികളിൽ ഒന്നോ രണ്ടോ ചില്ലകൾ മാത്രം നിലനിർത്തി മറ്റ് കൊമ്പുകൾ കോതികൊടുക്കുന്നത് സൂര്യരശ്മികൾ കൊടികളിൽ എത്തിച്ചേർന്ന് കൊടിയുടെ വളർച്ചയും വിളവും കൂട്ടുന്നതിനും രോഗാണുക്കളെ നിയന്ത്രിക്കുന്നതിനും സഹായിക്കുമെന്നും ഫാം ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**